An easy way to success......

TALENT ACADEMY

NEYYAR ACADEMY

# ASSISTANT SALESMAN

## EXAM

12-12-2021

## QUESTION PAPER & ANSWER KEY

CODE - A

1. രക്തരഹിത വിപ്ലവത്തിലൂടെ ഇംഗ്ലണ്ടിൽ പുറത്താക്കപ്പെട്ട രാജാവ്.
   A) ജെയിംസ് രണ്ടാമൻ
   B) ഹെൻറി
   C) ചാൾസ്
   D) വില്ല്യം ഒന്നാമൻ

2. ഇന്ത്യയിൽ ഇംഗ്ലീഷുകാരുടെ ആദ്യത്തെ വ്യാപാര കേന്ദ്രം.
   A) അഹമ്മദാബാദ്
   B) ബോംബെ
   C) മദ്രാസ്
   D) സൂറത്ത്

3. ഡച്ചുകാരുടെ പ്രധാന കോളനിയായിരുന്ന രാജ്യം ഇതിൽ ഏതാണ് ?
   A) കിഴക്കേ ആഫ്രിക്ക
   B) പടിഞ്ഞാറെ ആഫ്രിക്ക
   C) ഇന്തോനേഷ്യ
   D) മലേഷ്യ

4. ശിപായി ലഹള എന്നറിയപ്പെടുന്ന 1857-ലെ കലാപത്തെ 'ലക്നൗവിൽ' നയിച്ചത് ആരാണ് ?
   A) ബീഗം ഹസ്റത്ത് മഹൽ
   B) റാണി ലക്ഷ്മി ഭായി
   C) നാനാ സാഹിബ്
   D) താന്തിയാ തോപ്പി

5. ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പ്, 2021ന്റെ വേദി.
   A) ബംഗ്ലാദേശ്
   B) ഇന്ത്യ
   C) ചൈന
   D) ദുബായ്

6. സമുദ്രനിരപ്പിൽ നിന്ന് ഒരേ ഉയരമുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ചു വരയ്ക്കുന്ന സാങ്കൽപിക രേഖകളാണ്
   A) ഫോം ലൈൻ
   B) സ്പോട്ട് ഹൈറ്റ്
   C) ബെഞ്ച് മാർക്ക്
   D) കോണ്ടൂർ

7. ലോക്ടക് തടാകം ഏത് സംസ്ഥാനത്താണ് ?
   A) കേരളം
   B) മണിപ്പൂർ
   C) ഉത്തരാഖണ്ഡ്
   D) രാജസ്ഥാൻ

8. ഉത്തരേന്ത്യൻ സമതല പ്രദേശങ്ങളിൽ ഏപ്രിൽ മെയ് മാസങ്ങളിൽ വീശുന്ന ചൂടുകാറ്റാണ്
   A) ലൂ
   B) കാൽബൈശാഖി
   C) എൽ-നിനൊ
   D) ചീരാ

9. ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം.
   A) നെയ്‌വേലി
   B) ഝാറിയ
   C) കുൾട്ടി
   D) ദുർഗ്

10. സ്പേസ് എക്സ് എന്ന സ്വകാര്യ കമ്പനിയുടെ ബഹിരാകാശ ടൂറിസം പദ്ധതിയുടെ പേരെന്ത് ?
   A) ഇൻസ്പിരേഷൻ 4
   B) ഇൻസ്പിരേഷൻ 3
   C) ഇൻസ്പിരേഷൻ 2
   D) ഇൻസ്പിരേഷൻ 1

11. താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് തെറ്റായത് ?
താഴെ കൊടുത്തിരിക്കുന്ന കോഡിൽ നിന്ന് തെരഞ്ഞെടുക്കുക.
1) സുസ്ഥിര വികസനം പരിസ്ഥിതി സൗഹാർദ്ദപരമാണ്.
2) സുസ്ഥിര വികസനം സാധ്യമാകണമെങ്കിൽ പാരമ്പര്യ ഊർജസ്രോതസുകളെ ആശ്രയിക്കണം.
3) സുസ്ഥിര വികസനത്തിന് താപ വൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കണം.
കോഡുകൾ
A) 1 ഉം 2 ഉം മാത്രം
B) 3 ഉം 1 ഉം മാത്രം
C) 2 ഉം 3 ഉം മാത്രം
D) 3 മാത്രം

12. ഇന്ത്യയിൽ നവസാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പിലാക്കിയതിന് ശേഷമുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.
1) പ്രത്യക്ഷ വിദേശ നിക്ഷേപവും വിദേശ സ്ഥാപനങ്ങളുടെ നിക്ഷേപവും വർദ്ധിച്ചു.
2) ഔട്ട്സോഴ്സിംഗ് [പുറം വാങ്ങൽ] അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്.
3) തൊഴിൽ രഹിത വളർച്ച [Jobless Growth] നിലനിൽക്കുന്നു.
A) 1 ഉം 3 ഉം മാത്രം തെറ്റാണ്
B) 1 ഉം 2 ഉം മാത്രം ശരിയാണ്
C) 1 ഉം 2 ഉം 3 ഉം തെറ്റാണ്
D) 1 ഉം 2 ഉം 3 ഉം ശരിയാണ്

13. താഴെ പറയുന്നവയിൽ സംഘടിത മേഖലയുമായി [Organised Sector] ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏവ ?
താഴെ കൊടുത്തിരിക്കുന്ന കോഡിൽ നിന്ന് തെരഞ്ഞെടുക്കുക.
1) തൊഴിൽ നിബന്ധനകൾ നിശ്ചയിച്ചിരിക്കുന്നു.
2) ഗവൺമെന്റ് നിയന്ത്രണം ഉണ്ട്.
3) താഴ്ന്ന വരുമാനം.
4) ധാരാളം സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ ലഭിക്കുന്നു.
കോഡുകൾ
A) 1 ഉം 2 ഉം 4 ഉം മാത്രം
B) 3 ഉം 4 ഉം മാത്രം
C) 1 ഉം 2 ഉം 3 ഉം മാത്രം
D) മുകളിൽ പറഞ്ഞവയെല്ലാം

14. ശരിയായ ജോഡി/ജോഡികൾ കണ്ടെത്തുക.
1) ആബിദ് ഹുസൈൻ കമ്മീഷൻ – വ്യാപാരനയ പരിഷ്കരണം
2) ഹരിത വിപ്ലവം – പഴം, പച്ചക്കറി, കൃഷി
3) ബ്രട്ട്ലാൻഡ് കമ്മീഷൻ – സുസ്ഥിര വികസനം
4) സുവർണ്ണ വിപ്ലവം – വിപണന മിച്ചം
A) 1 ഉം 3 ഉം മാത്രം ശരിയാണ്
B) 2 ഉം 4 ഉം മാത്രം ശരിയാണ്
C) 2 ഉം 3 ഉം 4 ഉം മാത്രം ശരിയാണ്
D) 1 ഉം 4 ഉം മാത്രം ശരിയാണ്

# PSC പരീക്ഷകൾ കഠിനമാകുമ്പോൾ പരിശീലനവും തീവ്രമാക്കാം...

## TALENT ACADEMY -യോടൊപ്പം

- Village Field Assistant
- 10TH Level Prelims & Mains
- Plus Two Level Prelims & Mains
- Degree Level Prelims & Mains -Long Term
- Secretariat Assistant Mains
- SI of Police Mains



**CLASSROOM** COACHING

**ONLINE LIVE** COACHING

**ONLINE RECORDED** COACHING

9072365747, 8590575713

www.talentacademy.co.in

ADMISSION STARTED
JOIN NOW

NEYYAR APP Download now!

15. 2020-21 സാമ്പത്തിക സർവേ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ G. D. P. വളർച്ചാ നിരക്ക് എന്തായിരിക്കും ?

A) 10% B) 11% C) 9% D) 12%

16. ഇന്ത്യൻ ഭരണഘടനയുടെ തിരിച്ചറിയൽ രേഖ എന്ന് എൻ. എ. പൽക്കീവാല വിശേഷിപ്പിച്ചത്.

A) മൗലികവകാശങ്ങൾ
B) ആമുഖം
C) നിർദ്ദേശക തത്വങ്ങൾ
D) മൗലിക കടമകൾ

17. ഇന്ത്യയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി ശുപാർശ ചെയ്ത കമ്മീഷൻ.

A) സർക്കാരിയ കമ്മീഷൻ
B) മണ്ഡൽ കമ്മീഷൻ
C) ബൽവന്ത്റായ് മേത്ത കമ്മിറ്റി
D) പി. കെ. തുംഗൻ കമ്മിറ്റി

18. മൗലികവകാശങ്ങൾ സംരക്ഷിക്കുന്നതിന് റിട്ട് പുറപ്പെടുവിക്കാൻ സുപ്രീം കോടതിക്ക് അധികാരം നൽകുന്ന അനുച്ഛേദം ഏത് ?

A) അനുച്ഛേദം 226
B) അനുച്ഛേദം 17
C) അനുച്ഛേദം 32
D) അനുച്ഛേദം 368

19. രാഷ്ട്രത്തിന്റെ നിർദ്ദേശക തത്വങ്ങൾ ഏതു രാജ്യത്തിന്റെ ഭരണഘടനയുടെ സ്വാധീനത്തിൽ നിന്നും രൂപം കൊണ്ടതാണ് ?

A) അയർലന്റ്
B) ബ്രിട്ടൺ
C) കാനഡ
D) ആസ്ട്രേലിയ

20. സുപ്രീംകോടതിയുടെ ഇപ്പോഴത്തെ ചീഫ് ജസ്റ്റിസ്.

A) ജസ്റ്റിസ്. എസ്. എ. ബോബ്ഡെ
B) ജസ്റ്റിസ്. എൻ. വി. രമണ
C) ജസ്റ്റിസ്. അൽട്ടമാസ് കബീർ
D) ജസ്റ്റിസ്. എച്ച്. ജെ. കനിയ

21. തിരുവിതാംകൂർ പ്രദേശത്തെ കൃഷിക്കാരുടെ മാഗ്നാകാർട്ടാ എന്ന് വിശേഷിപ്പിക്കുന്ന ഭൂനിയമനിർമ്മാണ വിളംബരം.

A) പാട്ടം വിളംബരം
B) രാജകീയ വിളംബരം
C) കുടിയായ്മ നിയമം
D) അഞ്ചാം നമ്പർ റഗുലേഷൻ

22. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വൈസ് ചെയർമാൻ.

A) മുഖ്യമന്ത്രി
B) പ്രധാനമന്ത്രി
C) റവന്യൂമന്ത്രി
D) ആരോഗ്യമന്ത്രി

23. കാണാതായ കുട്ടികളെ കണ്ടെത്തുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ രൂപീകരിച്ച പദ്ധതിയാണ്.

A) ഓപ്പറേഷൻ വാത്സല്യ
B) നിർഭയ
C) ഓപ്പറേഷൻ വിജയ്
D) പിങ്ക് പോലീസ്

24. സംസ്ഥാന വനിതാ കമ്മീഷൻ അധ്യക്ഷ.

A) എം. സി. ജോസഫൈൻ

B) പി. സതീദേവി

C) പി. കെ. ശ്രീമതി

D) കെ. കെ. ശൈലജ

25. മനുഷ്യ ശരീരത്തിൽ ഇൻസുലിൻ പുറപ്പെടുവിക്കുന്ന ഗ്രന്ഥി.

A) കരൾ

B) പാൻക്രിയാസ്

C) പിറ്റ്യൂറ്ററി

D) പൈനിയൽ

26. പരിസ്ഥിതി സംഘടനയായ IUCN ന്റെ ആസ്ഥാനം.

A) ആംസ്റ്റർഡാം

B) നെയ്റോബി

C) സ്വിറ്റ്സർലൻഡ്

D) ന്യൂയോർക്ക്

27. കോവിഡ് രോഗകാരിയായ സാർസ് കോവ് – 2 ജനിതകപരമായി ഏതിനം വൈറസാണ് ?

A) RNA വൈറസ്

B) DNA വൈറസ്

C) ssDNA വൈറസ്

D) ഇവയൊന്നുമല്ല

28. B.C.G. വാക്സിൻ ഏത് രോഗപ്രതിരോധത്തിനു വേണ്ടിയുള്ളതാണ് ?

A) ഡിഫ്തീരിയ

B) മെനിൻജൈറ്റിസ്

C) വില്ലൻ ചുമ

D) ക്ഷയം

29. ഖരമാലിന്യ സംസ്കരണത്തിലെ മികവിന് തദ്ദേശ സ്ഥാപനങ്ങൾക്കുള്ള കേരള സർക്കാരിന്റെ ശുചിത്വ പുരസ്കാരം.

A) നവകേരള പുരസ്കാരം

B) ഹരിതകേരള പുരസ്കാരം

C) പരിസ്ഥിതി സംരക്ഷണ പ്രവൃത്തി പുരസ്കാരം

D) പരിസ്ഥിതി മിത്രം പുരസ്കാരം

30. ഒരു ബസ്സിൽ റിയർ വ്യൂ മിറർ ആയി ഉപയോഗിച്ചിരിക്കുന്ന കോൺവെക്സ് ദർപ്പണത്തിന്റെ ഫോക്കസ് ദൂരം 0.5 മീറ്ററാണ്. ഇതിന്റെ വക്രതാ ആരം നിർണ്ണയിക്കുക.

A) 1 മീറ്റർ

B) 0.5 മീറ്റർ

C) 1.2 മീറ്റർ

D) 0.6 മീറ്റർ

31. ധ്രുവപ്രദേശത്തു നിന്നും ഭൂമധ്യരേഖാ പ്രദേശത്തേക്ക് പോകുന്തോറും ഭൂഗുരുത്വ ത്വരണത്തിന്റെ (g) മൂല്യം.

A) കൂടുന്നു

B) കുറയുന്നു

C) ആദ്യം കൂടുന്നു പിന്നീട് കുറയുന്നു

D) മാറ്റമൊന്നുമില്ല

TALENT
ACADEMY

കേരളത്തിലെ ഏറ്റവും മികച്ച
അധ്യാപകർക്കൊപ്പം തയ്യാറെടുക്കാം...

# VILLAGE FIELD ASSISTANT

# DEGREE LEVEL PRELIMS

## CLASSROOM
## ONLINE COACHING

ADMISSION STARTED

JOIN NOW

9072365747, 8590575713

www.talentacademy.co.in



32. ഒരു വസ്തുവിന്റെ സ്ഥാനാന്തരം സമയത്തിന്റെ വർഗ്ഗത്തിന് ആനുപാതികമാണെങ്കിൽ അ വസ്തുവിന്റെ ചലനം

A) സമപ്രവേഗം
B) ത്വരണം കൂടുന്നു
C) സമത്വരണം
D) ത്വരണം കുറയുന്നു

33. അഷ്ടകനിയമം പാലിക്കാത്ത പൂജ്യം ഗ്രൂപ്പ് മൂലകം ഏത് ?

A) ഹീലിയം
B) നൈട്രജൻ
C) നിയോൺ
D) ആർഗൺ

34. ഡയമണ്ടിന്റെ മഞ്ഞ നിറത്തിന് കാരണമായ മൂലകം ഏത് ?

A) ബോറോൺ
B) സിലിക്കൺ
C) ഹീലിയം
D) നൈട്രജൻ

35. ഒന്നാം ലോകമഹായുദ്ധത്തിൽ രാസായുധമായി ഉപയോഗിച്ച മൂലകം ഏത് ?

A) ക്ലോറിൻ
B) ഫ്ലൂറിൻ
C) ഓക്സിജൻ
D) ഹൈഡ്രജൻ

36. ഖ്യാൽ എന്ന മനോഹരമായ സംഗീത രൂപത്തിലൂടെ ഹിന്ദുസ്ഥാനി സംഗീതത്തിന് അടിത്തറ പാകിയ വ്യക്തി ആരാണ് ?

A) പണ്ഡിറ്റ് രവിശങ്കർ
B) അമീർ ഖുസ്റോ
C) ടാൻസെൻ
D) ബീഗം അക്ബർ

37. കായിക രംഗത്തെ മികച്ച പ്രകടനത്തിന് ഇന്ത്യയിൽ നൽകുന്ന ഏറ്റവും ഉയർന്ന അവാർഡ്.

A) അർജ്ജുന അവാർഡ്
B) ദ്രോണാചാര്യ അവാർഡ്
C) മേജർ ധ്യാൻചന്ദ് ഖേൽരത്ന അവാർഡ്
D) രാഷ്ട്രീയ ഖേൽ പ്രോൽസാഹൻ പുരസ്കാർ

38. ഗോവിന്ദൻ കുട്ടി എന്ന കഥാപാത്രം എം. ടി. വാസുദേവൻ നായരുടെ ഏത് കൃതി യുമായി ബന്ധപ്പെട്ടതാണ് ?

A) നാലുകെട്ട്
B) മഞ്ഞ്
C) അറബിപ്പൊന്ന്
D) അസുരവിത്ത്

39. അയ്യങ്കാളി വള്ളംകളി ഏത് കായലിലാണ് നടക്കുന്നത് ?

A) വെള്ളായണിക്കായൽ
B) പുന്നമടക്കായൽ
C) വേമ്പനാട്ടുകായൽ
D) അഷ്ടമുടിക്കായൽ

40. ടോക്കിയോ പാരാലിമ്പിക്സിൽ രണ്ട് മെഡലുകൾ നേടിയ ഇന്ത്യൻ വനിത.

A) ഭവിന പട്ടേൽ
B) സോനാൽ പട്ടേൽ
C) അവനി ലേഖര
D) മീരാബായി ചാനു

41. 2020 ലെ എഴുത്തച്ഛൻ പുരസ്കാര ജേതാവ് ആരാണ് ?

A) പി. സച്ചിദാനന്ദൻ
B) പോൾ സക്കറിയ
C) എം. മുകുന്ദൻ
D) ശൂരനാട് കുഞ്ഞൻപിള്ള

42. MAN ന്റെ പൂർണ്ണരൂപം.

A) Minimum Area Network
B) Maximum Area Network
C) Metropolitan Area Network
D) Mono Area Network

43. മോസില്ല ഫയർഫോക്സ് എന്തിനുദാഹരണമാണ് ?

A) ബ്രൗസർ
B) സെർച്ച് എൻജിൻ
C) സോഷ്യൽ മീഡിയ
D) വെബ്സൈറ്റ്

44. ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ നാവിഗേഷൻ ആവശ്യങ്ങൾക്കായി ISRO തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സിസ്റ്റം ഇവയിൽ ഏതാണ് ?

A) IONS
B) ICNSS
C) IOSNS
D) IRNSS

45. താഴെ പറയുന്നവയിൽ വോളറ്റയിൽ മെമ്മറി ഏതാണ് ?

A) ROM
B) RAM
C) ഫ്ലാഷ് ഡ്രൈവ്
D) ബ്ലൂ-റേ ഡിസ്ക്

46. മുഖ്യ വിവരാവകാശ കമ്മീഷണറേയും മറ്റ് കേന്ദ്ര വിവരാവകാശ കമ്മീഷണർമാരേയും തിരഞ്ഞെടുക്കുവാനുള്ള കമ്മറ്റിയിൽ അംഗമല്ലാത്തതാര് ?

A) ഇന്ത്യൻ പ്രധാനമന്ത്രി
B) ലോകസഭാ പ്രതിപക്ഷനേതാവ്
C) സുപ്രീം കോടതി ചീഫ് ജസ്റ്റിസ്
D) പ്രധാനമന്ത്രി നിയമിക്കുന്ന കേന്ദ്ര കാബിനറ്റ് മന്ത്രി

47. താഴെ കൊടുത്തിരിക്കുന്നവയിൽ 2005-ലെ ഗാർഹിക പീഡന നിരോധന നിയമപ്രകാരം പ്രൊട്ടക്ഷൻ ഓഫീസറുടെ ചുമതലയല്ലാത്തതേത് ?

A) ബന്ധപ്പെട്ട മന്ത്രാലയങ്ങളുടേയും NGO-കളുടേയും സേവനങ്ങൾ ഏകോപിപ്പിക്കുക.
B) സങ്കടപ്പെട്ട വ്യക്തിക്ക് ലീഗൽ സർവ്വീസസ് അതോറിറ്റി നിയമപ്രകാരം നിയമ സഹായം ഉറപ്പു വരുത്തുക.
C) മജിസ്ട്രേറ്റിനെ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ സഹായിക്കുക.
D) ഗാർഹിക സംഭവത്തെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുക.

48. കേന്ദ്ര മനുഷ്യാവകാശ കമ്മീഷൻ ചെയർമാന്റെ കാലാവധി.

A) 5 വർഷമോ 65 വയസ് വരെയോ

B) 5 വർഷമോ 70 വയസ് വരെയോ

C) 6 വർഷമോ 70 വയസ് വരെയോ

D) 6 വർഷമോ 65 വയസ് വരെയോ

NA

49. നിർമ്മാതാവോ സേവനദാതാവോ നൽകുന്ന തെറ്റോ തെറ്റിധരിപ്പിക്കുന്നതോ ആയ പരസ്യങ്ങൾക്ക്, 2019-ലെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം ചുമത്തുന്ന പരമാവധി ശിക്ഷ.

A) 2 വർഷം വരെയുള്ള ജയിൽ വാസവും 10 ലക്ഷം രൂപ പിഴയും

B) 2 വർഷം വരെയുള്ള ജയിൽ വാസവും 20 ലക്ഷം രൂപ പിഴയും

C) 3 വർഷം വരെയുള്ള ജയിൽ വാസവും 10 ലക്ഷം രൂപ പിഴയും

D) 5 വർഷം വരെയുള്ള ജയിൽ വാസവും 50 ലക്ഷം രൂപ പിഴയും

50. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതൊക്കെയാണ് "ബേട്ടി ബചാവോ ബേട്ടി പഠാവോ യോജന"യുടെ പ്രധാന ലക്ഷ്യങ്ങൾ ?

1) പെൺകുട്ടികളുടെ നിലനിൽപ്പും സംരക്ഷണവും ഉറപ്പുവരുത്തുക.

2) പെൺകുട്ടികൾക്ക് തൊഴിലധിഷ്ഠിത പരിശീലനം ഉറപ്പു വരുത്തുക.

3) പെൺകുട്ടികളുടെ വിദ്യാഭ്യാസവും പങ്കാളിത്തവും ഉറപ്പു വരുത്തുക.

4) ലിംഗാധിഷ്ഠിത ഗർഭച്ഛിദ്രം തടയുക.

A) 1, 2 & 3

B) 2 & 3

C) 1, 2, 3 & 4

D) 1, 3 & 4

51. ഒരു പരീക്ഷയിൽ 30% കുട്ടികൾ വിജയിച്ചു. വിജയിച്ച കുട്ടികളുടെ എണ്ണം 60 ആണെങ്കിൽ പരാജയപ്പെട്ടവരുടെ എണ്ണം എത്ര ?

A) 40

B) 70

C) 140

D) 200

52. ഒരു ത്രികോണത്തിന്റെ കോണളവുകൾ 2 : 3 : 4 എന്ന അംശബന്ധത്തിലാണ്. ആ ത്രികോണത്തിന്റെ ഏറ്റവും വലിയ കോണളവും ഏറ്റവും ചെറിയ കോണളവും തമ്മിലുള്ള വ്യത്യാസം എത്ര ?

A) 80

B) 60

C) 40

D) 20

TALENT ACADEMY

പാഴാക്കാൻ ഇനി സമയമില്ല..
നിങ്ങൾക്കും ആകാം
സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് !!

# സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്

**MAINS ONLY**

CLASSROOM
& ONLINE

**LIVE & RECORDED**



JOIN NOW

9072365747, 8590575713
www.talentacademy.co.in

NEYYAR APP
Download now!

53. A എന്ന സ്ഥലത്തു നിന്നും B എന്ന സ്ഥലത്തേക്കുള്ള നേർദൂരം 15 കി. മീ ആണ്. ഒരാൾ 6 am ന് A യിൽ നിന്ന് പുറപ്പെട്ട് B യിലേക്ക് 10 കി. മീ/മണിക്കൂർ വേഗതയിൽ സഞ്ചരിക്കുന്നു. മറ്റൊരാൾ അതേസമയത്ത് B യിൽ നിന്ന് പുറപ്പെട്ട് 20 കി. മീ/ മണിക്കൂർ വേഗതയിൽ A യിലേക്ക് സഞ്ചരിക്കുന്നു. ഏത് സമയത്ത് ഇവർ പരസ്പരം കണ്ടുമുട്ടും ?

A) 7 am
B) 7.30 am
C) 6.45 am
D) 6.30 am

54. 2 മുതലുള്ള ആദ്യത്തെ 50 ഇരട്ട സംഖ്യകളുടെ ശരാശരി എത്ര ?

A) 100
B) 50
C) 51
D) 49

55. 1100 നോട് ഏറ്റവും ചെറിയ ഏത് സംഖ്യ കൂട്ടിയാൽ ഒരു പൂർണ്ണ വർഗ്ഗസംഖ്യ ലഭിക്കും ?

A) 56
B) 24
C) 69
D) 48

56. താഴെ കൊടുത്തിരിക്കുന്ന ശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?

0, 7, 26, 63, 124, __________

A) 215
B) 210
C) 225
D) 205

57. ഒരു ക്ലോക്കിൽ സമയം 8.20 ആയാൽ മണിക്കൂർ സൂചിക്കും മിനിറ്റു സൂചിക്കും ഇടയിലുള്ള കോണിന്റെ അളവ് എത്ര ഡിഗ്രി ആയിരിക്കും ?

A) 100
B) 110
C) 120
D) 130

58. KING = GEJC ആയാൽ LORD = __________

A) HLPB
B) HRUF
C) HKNZ
D) HZBC

59. ഒരാൾ A എന്ന സ്ഥലത്തു നിന്നും നേരെ കിഴക്കോട്ട് 5 കി. മീ സഞ്ചരിച്ച ശേഷം അവിടെ നിന്ന് നേരെ വടക്കോട്ട് 3 കി. മീ സഞ്ചരിച്ചു. വീണ്ടും അവിടെ നിന്ന് നേരെ പടിഞ്ഞാറോട്ട് 1 കി. മീ സഞ്ചരിച്ച് B എന്ന സ്ഥലത്ത് എത്തിച്ചേർന്നു. എങ്കിൽ A യിൽ നിന്നും B യിലേക്കുള്ള ഏറ്റവും കുറഞ്ഞ ദൂരം എത്ര ?

A) 6 കി. മീ
B) 5 കി. മീ
C) 4 കി. മീ
D) 3 കി. മീ

60. ഒരു ക്യൂവിൽ അരുണിന്റെ സ്ഥാനം മുൻപിൽ നിന്ന് 17-ാം മതും പുറകിൽ നിന്ന് 33-ാമതും ആണ്. എങ്കിൽ ആ ക്യൂവിൽ ആകെ എത്ര പേരുണ്ട് ?

A) 48
B) 49
C) 50
D) 51

61. Choose the appropriate verb to fill in the blank.
Every boy and every girl ________ given a packet of chocolates.
A) was B) were C) are D) has

62. Fill in with appropriate articles.
________ banyan is a kind of fig tree.
A) An
B) The
C) A
D) None of the above

63. Report the given sentence and choose the correct option.
He said to me, "please help me".
A) He told me if I could help him
B) He said to me that I help him
C) He told me please help me
D) He requested me to help him

64. Choose the passive form of the given sentence.
I know him
A) I have known him
B) He is known to me
C) He knows me
D) I knew him

65. Choose the appropriate question tag.
I am working hard, ________ ?
A) amn't I ? B) aren't I ? C) am I ? D) isn't it ?

66. Choose the correctly spelt word.
A) pronounciation
B) pronunsiation
C) pronunciation
D) pronounsiation

67. Choose one word substitute for
A person who undergoes training in any trade or occupation.
A) A candidate
B) A fellow
C) An apprentice
D) An examiner

68. Find the appropriate meaning of the underlined idiom.
We are planning a surprise party for our son.
Be careful not to <u>let the cat out of the bag</u>.
A) Reveal a secret by mistake
B) Do not make judgement
C) We are gifting a cat
D) Do not let the cat run away

69. Choose the word which suits best.
I ordered pineapple pudding for ________ after my dinner.
A) desert
B) dessert
C) disert
D) dissert

70. Find the word opposite in meaning to 'Loquacious'.
A) Liability B) Relevant C) Reticent D) Stale

71. ശരിയായ പദം തെരഞ്ഞെടുക്കുക.

A) നിർജരി
B) നിർഝരി
C) നിർജ്ജരി
D) നിർത്സരി

72. അർത്ഥത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടത്തിൽ പെടാത്ത പദം ഏത് ?

A) അമലം
B) വിമലം
C) കമലം
D) നിർമലം

73. ദർശകൻ – സ്ത്രീലിംഗപദം

A) ദർശിക
B) ദർശകി
C) ദർശക
D) ദർശിനി

74. പുറമെ മോടിപിടിപ്പിക്കുന്നത് നിരർത്ഥകമാണെന്ന് സൂചിപ്പിക്കുന്ന ചൊല്ലേതാണ് ?

A) ഉപ്പോളം വരുമോ ഉപ്പിലിട്ടത്
B) കാക്ക കുളിച്ചാൽ കൊക്കാകുമോ
C) കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്
D) കാക്ക കണ്ടറിയും കൊക്ക് കൊണ്ടേ അറിയൂ

75. വചനതലത്തിൽ വ്യത്യസ്തത പുലർത്തുന്ന പദം കണ്ടെത്തുക.

A) വാദ്ധ്യാർ
B) വൈദ്യർ
C) സ്വാമികൾ
D) കുട്ടികൾ

76. നിരീശ്വരൻ – പിരിച്ചെഴുതുക.

A) നിര + ഈശ്വരൻ
B) നിരി + ഈശ്വരൻ
C) നി: + ശ്വരൻ
D) നി: + ഈശ്വരൻ

77. അ + അൾ – ചേർത്തെഴുതുക.

A) അവകൾ
B) അവൾ
C) അയാൾ
D) ആയാൾ

78. ഭൂമി എന്ന അർത്ഥം വരാത്ത പദം.

A) വപുസ്സ്
B) മേദിനി
C) ക്ഷോണി
D) ധര

79. കുടിക്കാൻ ആഗ്രഹിക്കുന്ന ആൾ.

A) ജിജ്ഞാസു
B) പിപാസു
C) പിപഠിഷു
D) മോക്ഷേച്ഛു

80. ആകർഷണം – വിപരീത പദം കണ്ടെത്തുക.

A) വികർഷണം
B) അനാകർഷണം
C) നിരാകർഷണം
D) പ്രഹർഷണം

TALENT
ACADEMY

ഇനി മെയിൻ
പരീക്ഷയ്ക്കായി
പഠിക്കാം...

SUB-INSPECTOR /
EXCISE INSPECTOR
EXAM COACHING

CLASSROOM &
ONLINE

LIVE & RECORDED

JOIN NOW

തിരുവനന്തപുരം

9072365747, 8590575713

NEYYAR APP
Download now!



81. ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ കേരളത്തിൽ റേഷനിംഗ് സംവിധാനം പ്രവർത്തിക്കുന്നത് ?

A) കേരള റേഷനിംഗ് ഓർഡർ 1966

B) സിവിൽ സപ്ലൈസ് മാന്വൽ 1978

C) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013

D) TPDS കൺട്രോൾ ഓർഡർ 2021

82. അന്ത്യോദയ അന്നയോജന വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡിന് പ്രതിമാസം എത്ര കി. ഗ്രാം ഭക്ഷ്യധാന്യത്തിന് അർഹതയുണ്ട് ?

A) ഒരംഗത്തിന് 5 കി.ഗ്രാം

B) 30 കി.ഗ്രാം

C) 35 കി.ഗ്രാം

D) 25 കി.ഗ്രാം

83. ആദ്യത്തെ കേരള സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർമാൻ.

A) കെ. വി. മോഹൻ കുമാർ

B) പി. തിലോത്തമൻ

C) ജി. ആർ. അനിൽ

D) ഡോ. സജിത്ത് ബാബു

84. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്നില്ലായെന്ന പരാതികളിൽ തീരുമാനമെടുക്കുന്നതിനായി നിയമിക്കപ്പെട്ട ജില്ലാ പരാതി പരിഹാര ഓഫീസർ (DGRO) ആരാണ് ?

A) ജില്ല കലക്ടർ

B) ജില്ല സപ്ലൈ ഓഫീസർ

C) സപ്ലൈകോ റീജനൽ മാനേജർ

D) അഡീ. ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്

85. 2021 ലെ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൺട്രോൾ ഓർഡർ പ്രകാരം റേഷൻ കാർഡിന് അർഹതയുണ്ടാവാൻ നിർബന്ധമില്ലാത്തത് ഏത് ?

A) ഇന്ത്യൻ പൗരനായിരിക്കണം

B) കേരളത്തിൽ താമസിക്കുന്ന ആളായിരിക്കണം

C) ഇന്ത്യയിലെ ഒരു സ്ഥലത്തും റേഷൻ കാർഡിൽ ഉൾപ്പെട്ടിരിക്കരുത്

D) സ്വന്തമായി വീടുണ്ടായിരിക്കണം

86. സപ്ലൈകോയുടെ തനത് ബ്രാന്റ്.

A) കൈരളി

B) മാവേലി

C) ശബരി

D) കേര

87. നെൽ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനായി കേരള സർക്കാർ നിയോഗിച്ച ഏജൻസി.

A) കൃഷി ഭവനുകൾ

B) കൺസ്യൂമർ ഫെഡ്

C) സപ്ലൈകോ

D) മാർക്കറ്റിംഗ് ഫെഡ്

88. റേഷൻ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നതിനായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ.

A) AEPDS
B) SCMS
C) DMS
D) OMS

89. സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വില്പന നടത്തുമ്പോൾ സപ്ലൈകോ ഈടാക്കുന്ന നിരക്ക്.

A) ഫ്രീ സെയിൽ റേറ്റ്
B) ബൾക്ക് റേറ്റ്
C) സബ്സിഡി റേറ്റ്
D) ഇതൊന്നുമല്ല

90. സപ്ലൈകോ ഔട്ട്‌ലറ്റുകളിൽ വിൽപ്പനക്കായി ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ.

A) DMS
B) OMS
C) CMS
D) RMS

91. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം കേരളത്തിൽ റേഷൻ കടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തുന്നതിനായി നിയോഗിക്കപ്പെട്ട നോഡൽ ഏജൻസി.

A) കൺസ്യൂമർ ഫെഡ്
B) സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ
C) സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ
D) സപ്ലൈകോ

92. സപ്ലൈകോയുടെ നിയന്ത്രണത്തിലുള്ള കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്നത്.

A) റാന്നി
B) കോന്നി
C) കൊച്ചി
D) തിരുവനന്തപുരം

93. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ സാമ്പത്തിക അധികാര പരിധി.

A) ഒരു കോടി രൂപ
B) 20 ലക്ഷം രൂപ
C) 50 ലക്ഷം രൂപ
D) 10 കോടി രൂപ

94. ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള ഫീസ് നിരക്കുകളിൽ തെറ്റായത് ഏത് ?

A) 5 ലക്ഷം രൂപ വരെ ഫീസ് ഇല്ല
B) 5 ലക്ഷം മുതൽ 10 ലക്ഷം വരെ 200 രൂപ
C) 10 ലക്ഷം മുതൽ 20 ലക്ഷം വരെ 400 രൂപ
D) 20 ലക്ഷം മുതൽ 50 ലക്ഷം വരെ 2000 രൂപ

95. ഉപഭോക്തൃ സംരക്ഷണ നിയമം 2019 നിലവിൽ വന്നത്.

A) 2019 ഡിസംബർ 20
B) 2020 ജൂലായ് 20
C) 2020 ജനുവരി 20
D) 2019 നവംബർ 20

96. ജില്ലാ ഉപഭോക്തൃ പരാതി പരിഹാര കമ്മീഷനിൽ നൽകിയ പരാതിയിലെ വിധി തൃപ്തി കരമല്ലെങ്കിൽ എത്ര ദിവസത്തിനകമാണ് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ അപ്പീൽ നൽകേണ്ടത് ?

A) 30 ദിവസത്തിനകം
B) 45 ദിവസത്തിനകം
C) 15 ദിവസത്തിനകം
D) 25 ദിവസത്തിനകം

97. മാർക്കറ്റിങ്ങ് മാനേജ്മെന്റിൽ 'CRM' എന്നതിന്റെ പൂർണ്ണരൂപം എന്ത് ?

A) ക്രൈറ്റീരിയ റിലേറ്റഡ് മാനേജ്മെന്റ്
B) കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ്
C) കമ്പനി റിലേഷൻഷിപ്പ് മാനേജ്മെന്റ്
D) കലക്ഷൻ റിലേറ്റഡ് മാനേജ്മെന്റ്

98. പുതുതായി ഒരു ഉൽപ്പന്നം മാർക്കറ്റിൽ ഇറക്കുമ്പോൾ പെനിട്രേഷൻ വില നിർണ്ണയം നടത്തുക എന്നാൽ

A) വലിയ വില നിശ്ചയിക്കുക
B) സൗജന്യമായി നൽകുക
C) കുറഞ്ഞ വില നിശ്ചയിക്കുക
D) ഇതൊന്നുമല്ല

99. മാർക്കറ്റിങ്ങ് മിക്സിലെ നാല് 'P' കളാണ്, ഉൽപ്പന്നം (Product), വില (Price), സ്ഥലം (Place), ______________

A) പോളിസി (Policy)
B) പോപ്പുലേഷൻ (Population)
C) പ്രമോഷൻ (Promotion)
D) പൊല്യൂഷൻ (Pollution)

100. താഴെ പറയുന്നവയിൽ ഏതാണ് രജിസ്റ്റേർഡ് ബ്രാന്റ് നെയിം ?

A) ബ്രാന്റ് ലേബൽ
B) ഗ്രേഡ് ലേബൽ
C) ലേബൽ
D) ട്രേഡ് മാർക്ക്